ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരിശോധിച്ച് ഉചിതമായ നടപടി എടുക്കുന്നതാണ്.

ബാർബർ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

44 [4922] ശ്രീ. യു. സി. രാമൻ:
„ പി. കെ. അബ്ദുറബ്ബ്:
„ സി. മോയിൻകുട്ടി:
„ പി.കെ.കെ.ബാവ:
„ ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ബാർബർ തൊഴിലിലേർപ്പെട്ടിരിക്കുന്ന എത്ര തൊഴിലാളികളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത തൊഴിലാളികൾക്ക് നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ;

(ഡി) ഇവർക്ക് പുതുതായി എന്തെങ്കിലും സഹായം ചെയ്യാൻ ഉദ്ദേശ്യമുണ്ടോ;

(ഇ) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിൽ ഏകദേശം 25215 ബാർബർ തൊഴിലാളികളുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	..	4750
കൊല്ലം	..	3470
പത്തനംതിട്ട	..	694
ആലപ്പുഴ	..	1151
കോട്ടയം	..	1742
ഇടുക്കി	..	709
എറണാകുളം	..	1173
തൃശ്ശൂർ	..	3200

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം	..	1818
പാലക്കാട്	..	2500
കോഴിക്കോട്	..	1699
വയനാട്	..	566
കണ്ണൂർ	..	1251
കാസർഗോഡ്	..	492

(സി) ഈ വിഭാഗം തൊഴിലാളികൾക്ക് ഇപ്പോൾ നിലവിലുള്ള കേരള കൈ തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിലോ, ബാർബർ ഷോപ്പുകളിൽ പ്രവർത്തിക്കുന്നവർക്ക് കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിലോ അംഗമാകാവുന്നതാണ്. കേരള കൈ തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ നിന്നും റിട്ടയർമെന്റ് ആനുകൂല്യം, ജോലി ചെയ്യാൻ പറ്റാത്തവിധം അവശത അനുഭവിക്കുന്നവർക്ക് ചികിത്സാ ധനസഹായം, അംഗങ്ങളുടെ പെൺമക്കൾക്ക് വിവാഹ ആനുകൂല്യം, അംഗങ്ങൾക്ക് മരണാനന്തര ആനുകൂല്യം എന്നിവ നൽകിവരുന്നു.

(ഡി, ഇ) ഉണ്ട്. ബാർബർ തൊഴിലാളികൾക്കും അലക്കു തൊഴിലാളികൾക്കും കൂടി ഒരു പ്രത്യേക ക്ഷേമപദ്ധതി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കും മിനിമം വേജസ് നൽകാൻ നടപടി

45 [4923] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്റ്റേജ് കാരിയേജുകളിൽ (ബസ്സുകളിൽ) ജോലി ചെയ്യുന്ന കണ്ടക്ടർ, ഡ്രൈവർ തസ്തികകളിലെ ജീവനക്കാരുടെ മിനിമം വേജസ് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) മിനിമം വേജസ് നൽകാതെ ജോലി ചെയ്യിക്കുന്നത് കുറ്റകരമാണോ; എങ്കിൽ ശിക്ഷ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്റ്റേജ് കാരിയേജുകളിലെ ഡ്രൈവർ, കണ്ടക്ടർ എന്നീ ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടില്ല. മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക് 1971-ലെ ഫെയർ വേതന നിയമം അനുസരിച്ചാണ് ശമ്പളം നിശ്ചയിച്ചിട്ടുള്ളത്. അതനുസരിച്ച് കണ്ടക്ടർക്ക് ആകെ 4322 രൂപയും ഡ്രൈവർക്ക് 4372 രൂപയും ആണ് നിശ്ചയിച്ചിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.-യിലെ ഉഭയ കക്ഷി തീരുമാനപ്രകാരമുള്ള വേതനമാണ് ഇപ്പോൾ പ്രസ്തുത ജീവനക്കാർക്ക് നൽകി വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly